'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം- മലപ്പുറം ജില്ലയിലെ പൊന്മള ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഷുഹൂദ് പി.വി.ക്കെതിരായുള്ള അച്ചടക്ക നടപടി -പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.269/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/02/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 03.02.2017-ലെ സി4-36049/2014 നമ്പർ കുറ്റാരോപണ മെമ്മോ

2 ശ്രീ. ഷുഹൂദ് പി.വി. സമർപ്പിച്ച 14.03.2017-ലെ പ്രതിവാദ പത്രിക

3 പഞ്ചായത്ത് ഡയറക്ടറുടെ 08.08.2019-ലെ ഡി4-36049/2014 നമ്പർ നടപടിക്രമങ്ങൾ

4 പഞ്ചായത്ത് ഡയറക്ടറുടെ 08.08.2019-ലെ ഡി4-36049/2014 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ പൊന്മള ഗ്രാമപഞ്ചായത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2014-16) ഇരുപത്തിയഞ്ചാമത് റിപ്പോർട്ടിലെ പൊന്മള ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച 96, 111 ഖണ്ഡികകളിന്മേൽ നിയമസഭാസമിതി ശുപാർശ പ്രകാരം നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന കുറ്റങ്ങൾ ആരോപിച്ച് പൊന്മള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഷുഹൂദ് പി.വി.ക്കെതിരെ പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി.

1. ഖണ്ഡിക 96 പ്രകാരം ഉപാധിരഹിത ഫണ്ടിൽ നിന്ന് സെക്രട്ടറി പിൻവലിച്ച തുകയ്ക്ക് ആധാരമായ വിധത്തിൽ മൂല്യനിർണ്ണയം നടത്തിയതിന്റെ അളവ് പുസ്തകം, ഫയൽ എന്നിവ ലഭ്യമല്ലെന്നും, 2 വർഷം കൊണ്ട് പൂർത്തിയാക്കേണ്ടിയിരുന്ന പ്രവർത്തികൾ 7 വർഷമായിട്ട് പൂർത്തീകരിച്ചിട്ടില്ലെന്നും, പൂർത്തീകരിച്ച പ്രവർത്തികൾ ഏതെന്ന് ഉറപ്പ് വരുത്തി നഷ്ടതുക ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

2. ഖണ്ഡിക 111 പ്രകാരം 1997-98 വർഷം ആരംഭിച്ച തേൻപറമ്പ് കുടിവെള്ള പദ്ധതി 1999-2000 വർഷം വരെ 5,56,190/- രൂപ ചിലവഴിച്ചിട്ടും പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും നഷ്ടം ഈടാക്കുന്നതിന് യഥാസമയം നടപടി സ്വീകരിച്ചില്ല.

കുറ്റാരോപണ മെമ്മോക്ക് ശ്രീ. ഷുഹൂദ് പി.വി. പരാമർശം (2) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും പ്രസ്തുത പ്രതിവാദ പത്രികയിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച സാധ്യമായ എല്ലാ

നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ യാതൊരു കൃത്യവിലോപവും സംഭവിച്ചിട്ടില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. ഷുഹൂദ് പി.വി.ക്കെതിരെ പഞ്ചായത്ത് ഡയറക്ടർ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരവേ ടിയാൻ 31.03.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ശ്രീ. ഷുഹൂദ് പി.വി.ക്കെതിരെ പഞ്ചായത്ത് ഡയറക്ടർ ആരംഭിച്ച അച്ചടക്ക നടപടി പരാമർശം (3) പ്രകാരം തീർപ്പാക്കി കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം സർക്കാർ തലത്തിൽ തുടർനടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്ത് പരാമർശം (4) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഡിറ്റ് ഖണ്ഡിക 96, പൊന്മള ഗ്രാമപഞ്ചായത്തിന്റെ 1998- 99 ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലേതാണ്. പ്രസ്തുത ഓഡിറ്റ് നടത്തിയത് 3.09.2002 മുതൽ 12.09.2002 വരെയാണ്. ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചത് 2004-ലാണ്. ടി റിപ്പോർട്ട് പ്രകാരം അച്ചടക്കനടപടി സ്വീകരിക്കാൻ സമിതി നിർദേശം നൽകിയത് 2010-ലുമാണ്. അതായത് 2004 മുതൽ 2010 വരെയുള്ള ജീവനക്കാർക്കെതിരെയാണ് സമിതി നടപടി സ്വീകരിക്കാൻ നിർദേശം നൽകിയതായി കാണുന്നത്. എന്നാൽ 09.12.2011-ലാണ് ശ്രീ. ഷുഹൂദ് പൊന്മള ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചത് എന്നും കാണുന്നു. നിയമസഭ സമിതിയുടെ 2010-ലെ തെളിവെടുപ്പിൽ ഹാജരാക്കാൻ സാധിക്കാത്ത ക്യാഷ് ബുക്ക്, മെഷർമെൻറ് ബുക്ക് തുടങ്ങിയ രേഖകൾ ടിയാൻ ജോലിചെയ്ത കാലയളവിൽ കണ്ടെത്തി പരിശോധന വേളയിൽ ഹാജരാക്കിയിട്ടുണ്ടെന്നും ഉപാധിരഹിത ഫണ്ടിൽ നിന്നും പണം പിൻവലിച്ച ഉദ്യോഗസ്ഥർക്കെതിരെ സർചാർജ് നടപടികൾ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും റവന്യൂ റിക്കവറി പോലുള്ള നടപടികൾ ആരംഭിച്ചിട്ടില്ലാത്തതിനാലും തുടർ നടപടികൾ സ്വീകരിക്കേണ്ടത് ആരാഞ്ഞുകൊണ്ട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് ശ്രീ ഷുഹൂദ് 18.10.2014-ന് രേഖാമൂലം കത്ത് നൽകിയതായും കാണുന്നു. റവന്യൂ റിക്കവറി ആരംഭിക്കുന്നതിനായി 12.11.2014-ൽ ചേർന്ന പഞ്ചായത്ത് ഭരണസമിതി യോഗം ചർച്ച ചെയ്യുകയും പരാമർശിത 9 പ്രവർത്തികളെല്ലാംതന്നെ അക്കാലത്തു പൂർത്തീകരിച്ചിട്ടുള്ളതാണെന്നും പിൻവലിച്ച തുകയ്ക്ക് അനുസൃതമായി പ്രവർത്തികൾ ചെയ്തിട്ടുള്ളതാണെന്നും ഇക്കാര്യത്തിൽ പഞ്ചായത്തിന് കാര്യമായ നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലെന്നും അഭിപ്രായപ്പെടുകയും ബന്ധപ്പെട്ട ജീവനക്കാർ മരണപ്പെട്ടതായിക്കൂടി പരിഗണിച്ച് ഓഡിറ്റ് തടസം ഒഴിവാക്കിക്കിട്ടുന്നതിന് നിയമസഭ സമിതിയോട് ഐക്യകണ്ഠേന അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുള്ളതായും കാണുന്നു.

ഓഡിറ്റ് ഖണ്ഡിക 111-ൽ പരാമർശിച്ചിരിക്കുന്ന തേൻപറമ്പ് കുടിവെള്ള പദ്ധതി 1997-98 വർഷം ആരംഭിച്ച് 1998-99, 1999-2000 വർഷങ്ങളിലായി തുക നീക്കി വച്ച് ഭാഗികമായി പൂർത്തിയാക്കിയ കുടിവെള്ള പദ്ധതിയാണ്. ടി പദ്ധതിക്ക് വിവിധ പ്രോജക്ടുകളിലായി 5,68,260/-രൂപ ചെലവഴിച്ചതായും ആയതിൽ 3,75,607/-രൂപ കൺവീനർക്കും 1,92,653/-രൂപ മെറ്റീരിയൽസ് വാങ്ങുന്നതിനായി റെഡ്കോ മലപ്പുറത്തിന് അനുവദിച്ചിട്ടുള്ളതുമാണെന്നും പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ഭാഗമായി കടലുണ്ടിപ്പുഴയിൽ ഒരു കിണർ നിർമ്മിക്കുകയും അപൂർണമായ ഒരു കോൺക്രീറ്റ് ടാങ്കും പൈപ്പ് ലൈനും സ്ഥാപിച്ചതായും ഈ ഇനത്തിൽ 4,02,321/- രൂപക്കുള്ള പ്രവർത്തികൾ പൂർത്തീകരിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതായും കൺവീനർക്ക് 3,75,607/-രൂപ നൽകിയതിൽ പഞ്ചായത്തിനു നഷ്ടം സംഭവിച്ചിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ കാണുന്നു. കൂടാതെ 1,92,653/- രൂപ മെറ്റീരിയൽസ് വാങ്ങുന്നതിനായി റെഡ്കോ മലപ്പുറത്തിന് അനുവദിച്ച സെക്രട്ടറി ശ്രീ. ബദറുദ്ദീനെതിരെ റവന്യൂ റിക്കവറി നടത്താൻ 2008-ൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതിൽ 2012 വരെ തുടർ നടപടികളൊന്നും ആരംഭിക്കാത്തതിനെത്തുടർന്ന് ശ്രീ. ഷുഹൂദ് പൊന്മള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചതിന് ശേഷം റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിച്ചതായി കാണുന്നു. പിന്നീട് റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിച്ചതായും കാണുന്നു. കൂടാതെ തേൻപറമ്പ് കുടിവെള്ള പദ്ധതിക്കായി നിർമ്മിച്ച ടാങ്കും അനുബന്ധ സാമഗ്രികളും 2009- ൽ ആരംഭിച്ച മറ്റൊരു കുടിവെള്ള പദ്ധതിയുമായി യോജിപ്പിച്ച് ഉപയോഗിക്കുന്നതിന് എസ്.ഒ.

225/17 നമ്പർ ആയി പ്രോജക്ട് തയ്യാറാക്കി പ്രവർത്തി പൂർത്തീകരിച്ച തേൻപറമ്പ് കടിവെള്ള പദ്ധതിക്കായി ചെലവഴിച്ച തുകയുടെ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നും കാണുന്നു. ഓഡിറ്റ് നിർദ്ദേശങ്ങളിൽ നടപടി പരിഹരിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ അറിയിച്ചിട്ടുമുണ്ട്. ഓഡിറ്റ് നിർദ്ദേശങ്ങളിൽ തുടർനടപടി സ്വീകരിക്കേണ്ടതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

മേൽ സാഹചര്യത്തിൽ സമിതിയുടെ ഓഡിറ്റ് ഖണ്ഡിക III, ഓഡിറ്റ് ഖണ്ഡിക 96, എന്നിവയിൽ പരാമർശിച്ചിട്ടുള്ള വിഷയത്തിൽ ശ്രീ.ഷുഹൈദ് ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്നതിനാൽ ടിയാൻ കുറ്റക്കാരനാണെന്ന് കാണുന്നില്ല. മാത്രമല്ല സമിതിയുടെ ഓഡിറ്റ് ഖണ്ഡിക 96, ഓഡിറ്റ് ഖണ്ഡിക 111, നിർദേശത്തിൽ പരാമർശിച്ചിരിക്കുന്ന 2002 -2004 വരെയുള്ള കാലഘട്ടത്തിലെ സെക്രട്ടറിമാർ മരണപ്പെട്ടു എന്നാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.ഈ കാലയളവിലുള്ളതും നിയമസഭാ കമ്മറ്റി 2010ലെ സിറ്റിംഗിൽ ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിൽ വീഴ്ച വരുത്തിയ പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 2010 വരെ ജോലിയിൽ തുടർന്നിരുന്നവർക്കാർക്കെതിരെയും അച്ചടക്ക നടപടി സ്വീകരിച്ചതായി പഞ്ചായത്ത് ഡയറക്ടറുടെ ഫയലിൽ കാണുന്നുമില്ല. കൂടാതെ ശ്രീ ഷുഹൈദിന്റെ കൂടെ അച്ചടക്ക നടപടി ആരംഭിച്ച ശ്രീ. രാജേഷ് എം, ശ്രീ. ആർ.പി. ഉണ്ണികൃഷ്ണൻ എന്നിവർ വളരെ കുറഞ്ഞ കാലയളവിലാണ് സേവനമനുഷ്ഠിച്ചതെന്നും ടിയാളുകൾക്കെതിരെയുള്ള അച്ചടക്ക നടപടി കർശന താക്കീത് നൽകിയും ശിക്ഷയിൽ നിന്നും ഒഴിവാക്കിയും പഞ്ചായത്ത് ഡയറക്ടർ തീർപ്പാക്കിയിരുന്നു. ഈ സാഹചര്യത്തിൽ ശ്രീ. ഷുഹൈദിന്റെ ഭാഗത്ത് നിന്ന് പെൻഷനിൽ നിന്നും കുറവ് ചെയ്യാൻ തക്കവിധമുള്ള വീഴ്ച സംഭവിച്ചതായി കാണുന്നില്ല. ആയതിനാൽ സർക്കാർ തലത്തിൽ കെ.എസ്.ആർ ഭാഗം3 ചട്ടം 59(b) പ്രകാരം അച്ചടക്ക നടപടി ആരംഭിക്കത്തക്ക സാഹചര്യം നിലവിലില്ലാത്തതിനാൽ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) നടപടിക്രമങ്ങളിലെ ശുപാർശ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. ഷുഹൈദ് പി.വി, മുൻ സെക്രട്ടറി, പൊന്മള ഗ്രാമപഞ്ചായത്ത്, മലപ്പുറം

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. ധനകാര്യ വകുപ്പ്

(WW1/181/2019-FIN dated 04.01.2020)

7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/133/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ